## കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കവളങ്ങാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് ഓഫീസ്
## എറണാകുളം

## e-mail:doekm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 7)2341/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 22.03.2019**

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
കവളങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

<u>വിഷയം</u> :- കവളങ്ങാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെഎസ്എ-ഇകെഎം (പി 7)2341/2018 **തീയതി : 22.03.2019**

## <u>എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

***(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

**എറണാകുളം** ജില്ലയിലെ **കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. **ഗ്രാമപഞ്ചായത്ത്** 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ.സി. ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2018 മുതൽ 29.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പോളി .ടി.ഒ, ഓഡിറ്റ് ഓഫീസർ |
| | എം.എസ്.ഗോപകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എം.സന്തോഷ് കുമാർ, ഓഡിറ്റർ (ഹ.ഗ്രേ.) |
| | പ്രവീൺ വി.എൻ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ബീന ബെന്നി | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ടി.എം. ജലജ | 01.04.2017 | 31.08.2017 |
| | റീന വർഗ്ഗീസ് (അധിക ചുമതല) | 01.09.2017 | 13.11.2017 FN |
| | ഷാജിമോൻ കാവു | 13.11.2017 AN | 31.03.2018 |

**നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | രേഖ | 01.04.2017 | 24.10.2017 |
| | രാജേന്ദ്രൻ (അധിക ചുമതല) | 25.10.2017 | 05.02.2018 |
| | ഉമാ മഹേശ്വരി | 06.02.2018 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. ലൂസിന | 01.04.2017 | 31.03.2018 |
| | | | |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ജോർജ്ജ് മാത്യൂ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷിനോജ് | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | എലിസബത്ത് | 01.04.2017 | 31.03.2018 |
| വെറ്റിനറി സർജൻ | ഡോ. സുമൻ പി. ഐസക്ക് | 01.04.2017 | 10.07.2017 |
| | ഡോ. സീമ ജെയിംസ് (അധിക ചുമതല) | 11.07.2017 | 12.10.2017 |
| | ഡോ. സോമോൾ അബ്രഹാം | 13.10.2017 | 07.02.2017 |
| | ഡോ. ഷാജി പൗലോസ് | 08.02.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലിമറ്റം) | ബാവാസ് | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നേര്യമംഗലം) | സിറാജ് | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സൈനബ | 01.04.2017 | 31.03.2018 |
| ഹെഡ് മിസ്ട്രസ്സ്, ജി.യു.പി.എസ്, തലക്കോട് | വത്സല | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷൈലജ | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ആർ. ജലജ | 01.04.2017 | 18.05.2017 |
| | ടി.എം. ജലജ (അധിക ചുമതല) | 19.05.2017 | 03.07.2017 FN |
| | എ.കെ. രാജൻ | 03.07.2017 AN | 02.08.2017 FN |
| | റീന വർഗ്ഗീസ് | 02.08.2017 AN | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം 2** | |
| 12 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കാത്തത് | 2-2 |
| 14 | കടമുറികളുടെ വാടക ഈടാക്കാത്തത് | 2-3 |
| 15 | വസ്തുനികുതി അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 16 | വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി-അപാകതകൾ | 3-1 |
| 17 | മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട്-അപാകതകൾ | 3-2 |
| 18 | തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 3-3 |
| 19 | കുടിശ്ശിക വാട്ടർ ബിൽ തുക നല്കിയപ്പോൾ പിഴ പലിശ നൽകി | 3-4 |
| 20 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത | 3-5 |
| 21 | എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. | 3-6 |
| 22 | പൊളിച്ചെടുത്ത കല്ലിന്റേയും കുഴിച്ചെടുത്തമണ്ണിന്റേയും വിനിയോഗം ലഭ്യമല്ല. | 3-7 |
| 23 | 2 എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് മൂലം നഷ്ടം സംഭവിച്ചത്. | 3-8 |
| 24 | മരാമത്ത് പ്രവൃത്തികൾ അപാകത | 3-9 |
| 25 | വാട്ടർ അതോറിറ്റി നിക്ഷേപ പ്രവൃത്തികളിൽ അധിക നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കി- | 3-10 |
| 26 | ജൈവഭരണി കമ്പോസ്റ്റ് ,പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 27 | മഴക്കാല പൂർവ്വശുചീകരണം -വാർഡ് തല പ്രവർത്തനങ്ങൾ-അപാകതകൾ | 3-12 |
| | ഭാഗം – 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം.1 |
| 39 | ബാലൻസ് ഷീറ്റ് – 2017-18 | അനുബന്ധം.2 |
| 40 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 21.03.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 02.06.2018 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 27.6.2018 & 28.6.2018 | കെ.എസ്.എ.ഇ.കെ.എം (പി.ജി)1786(29)/18 തീ 30.08.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27587177 |
| വരവ് | 79764660 |
| ആകെ | 107351817 |
| ചെലവ് | 86508803 |
| നീക്കിയിരിപ്പ് | 20843014 |

### 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നി രുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,91,57,259 | 1,91,57,259 | 1,78,46,973 | 0 | 13,10,286 |
| വികസനഫണ്ട് എസ്.സി.പി. | 0 | 65,24,480 | 65,24,480 | 64,19,089 | 0 | 1,05,391 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,34,876 | 3,34,876 | 2,46,069 | 0 | 88,807 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,07,79,040 | 1,07,79,040 | 1,05,88,770 | 0 | 1,90,270 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 57,10,080 | 57,10,080 | 53,25,917 | 0 | 3,84,163 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 88,05,499 | 88,05,499 | 88,04,033 | 0 | 1,466 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 23,03,108 | 23,03,108 | 20,61,698 | 0 | 2,41,410 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ. ജി.എസ് | 35,443 | 8,38,500 | 8,73,943 | 8,72,898 | 1045 | 0 |
| ബി. ഫണ്ട് | 0 | 3,54,060 | 3,54,060 | 3,54,060 | 0 | 0 |
| എസ്.ബി.ഐ.ഇ-പേയമെന്റ് | 0 | 3,14,636 | 3,14,636 | 1,000 | 3,13,636 | 0 |
| എസ്.ബി.ഐ മണൽ അക്കൗണ്ട് | 1,20,509 | 4,489 | 1,24,998 | 0 | 1,24,998 | 0 |
| എസ്.ബി.ഐ ടി.എസ്.പി | 9,367 | 348 | 9715 | 0 | 9,715 | 0 |
| എസ്.ബി.ഐ സാക്ഷരത | 12,619 | 470 | 13,089 | 0 | 13,089 | 0 |
| ദുരിതാശ്വാസ നിധി | 0 | 0 | 0 | 0 | 0 | 0 |
| ട്രഷറി ടി.എസ്.ബി. ജനറൽ പർപ്പസ് ഗ്രാന്റ് | 93,35,038 | 1,45,00,921 | 2,38,35,959 | 2,38,35,959 | 0 | 0 |
| ട്രഷറി എസ്.ടി.എസ്.ബി. ജോയിന്റ് വെഞ്ച്വർ | 0 | 17,63,394 | 17,63,394 | 9,07,500 | 8,55,894 | 0 |
| എസ്.ബി.ഐ -തനത് | 1,42,13,316 | 49,33,180 | 1,91,46,496 | 1,26,52,916 | 64,93,580 | 0 |
| സർവ്വീസ് സഹകരണ ബാങ്ക് -തനത് | 36,54,742 | 1,07,37,492 | 1,43,92,234 | 13,61,179 | 1,30,31,055 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 85643768 | 158 | 61787432 | 38 | 41 | 66.66 |

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 35443 | 838500 | 873943 | 872898 | 1045 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 13590720 | 13590720 | 13590720 | 0 |
| | 35443 | 14429220 | 14464663 | 14463618 | 1045 |

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 2017-18 വർഷം റവന്യൂ ചെലവുകൾ 1,12,59,156/-കൂടാതെ ക്യാപ്പിറ്റൽ ചെലവുകളായി 23.31,564/- രൂപ കൂടി വരുന്നതുകൊണ്ട് വാർഷിക ധനകാര്യപത്രികയിലെ I-6 ഷെഡ്യൂളിലെ റവന്യൂ എക്സ്പെൻഡിച്ചറിന്റെ കൂടെ 23.31,564/- രൂപ കൂടി കൂട്ടി 1,35,90,720/- രൂപയാണ് EFMS വരവും ചെലവും വരുന്നത്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 9,80,78,300 | 826 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,22,86,700 | 1039 |
| വാർദ്ധക്യകാലപെൻഷൻ | 1,57,99,700 | 1201 |
| വികലാംഗപെൻഷൻ | 39,18,500 | 329 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 4,82,000 | 55 |

50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 4,82,000/- രൂപയാണ് ചെലവ്. എന്നാൽ ഡി.ബി.റ്റി സെല്ലിലെ കണക്ക് പ്രകാരം ഈയിനത്തിൽ 6,62,000/- രൂപയാണ് യഥാർത്ഥചെലവ്. 1,80,000/- രൂപയുടെ ചെലവിലെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2018--ാംതീയതി 3.15മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 31313/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

**(എ) ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ**

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി പരിപാലിച്ച് വരുന്നു.

**(ബി) ഫ്രണ്ട് ഓഫീസ് ഡയറി**

ഫ്രണ്ട് ഓഫീസ് ഡയറിയിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. സേവനം നൽകിയ തീയതി ചേർത്തിട്ടില്ല.

**(സി) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.**

റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾ കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻ ഗണനാ ക്രമത്തിൽ മാത്രമേ നടപ്പാക്കാവൂ എന്ന് ജി.ഒ.(എം.എസ്.) 31/2011/ ത.സ്വ.ഭ.വ./ 4.2.2011 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവു പ്രകാരം മേജർ ജില്ലാ റോഡുകൾ വരെയുള്ള എല്ലാ റോഡുകളേയും ഉൾപ്പെടുത്തികൊണ്ടുള്ള കണക്ടിവിറ്റി പ്ലാൻ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇതുവരേയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ് ചെലവാകുന്നു. ഇതിന്റെ അഭാവത്തിൽ എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയ ചേർത്ത് സംയോജിത പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യതയും ഇല്ലാതാകുന്നു.

**(ഡി) ആസ്തികൾ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.**

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച മരാമത്തു പ്രവൃത്തികൾ ആസ്തി രജിസ്റ്ററിലേക്ക് രേഖപ്പടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് രേഖപ്പടുത്തി സൂക്ഷിക്കേണ്ടതാണ്.

**(ഇ) ഗ്രാമസഭ**

2017-18 ൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 04/2017, 07/2017, 11/2017, 02/2018 എന്നീ മാസങ്ങളിലായി 4 തവണ വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ മിക്കവാറും എല്ലാംതന്നെ ക്വാറം തികഞ്ഞുതന്നെയാണ് കൂടിയിരിക്കുന്നതും. ഗ്രാമസഭകളിൽ ചർച്ചകൾ സജീവമായി നടക്കുന്നുണ്ട്.വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ എന്നിവയും യഥാസമയം നടന്നിട്ടുണ്ട്.

**(എഫ് ) മോണിറ്ററിംഗ്**

വിവിധ നിർവ്വഹണോദ്യഗസ്ഥർനിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിൽ മോണിറ്ററിംഗ് സമിതി

റിപ്പോർട്ടുകൾ ഫയൽ ചെയതിട്ടുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല. ഇതിന് ഒരു കാരണം മരാമത്ത് പ്രവൃത്തികളുടെ എണ്ണത്തിലുള്ള ബാഹുല്യമാണ്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.11.2018 | ഒക്ടോബർ 2018 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/2017 | 2016-17 | 23.08.2018 |

### 1-12 വാർഷിക കണക്കുകളിലെ അപാകത

അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ 3 അപാകതകളിൽ പഞ്ചായത്ത് ഫണ്ടിന്റെ മുന്നിരിപ്പ് നീക്കിയിരിപ്പ് സംബന്ധിച്ച അപാകത ഒഴികെ ബാക്കി 2 അപാകതകളും നിലനിൽക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

രാഗിഷ് എ, വട്ടപറമ്പിൽ, കുത്തുകുഴി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്മാർട്ട്സ് ഫ്യൂവൽസ്, ഊന്നുകൽ എന്ന പെട്രോൾ പമ്പിന് 12/2017-18 നമ്പറിൽ ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ചിരിക്കുന്ന ലൈസൻസിനുള്ള അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് 60,000/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 ലെ പട്ടിക-II പ്രകാരം ദിവസേനയുള്ള ശരാശരി വിറ്റുവരവ് 50,000/- നുമേൽ 1,00,000/- രൂപവരെയാണെങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 2000/- രൂപ ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ 31.03.2017ലെ 11603106985 രസീത് പ്രകാരം 1000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീസ് ഈടാക്കിയതിൽ 1,000/- രൂപയുടെ കുറവ് വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 28.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി ഈടാക്കാത്തത്

(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | ഹൈറേഞ്ച് പബ്ലിക് സ്കൂൾ, ഊന്നുകൽ. | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 2 | മുത്തൂറ്റ് ഫിൻ കോർപ്പ്, നേര്യമംഗലം ബ്രാഞ്ച്. | സ്ഥാപന തൊഴിൽ നികുതി | 1, 2 |

(2) ബി.എസ്.എൻ.എൽ, നെല്ലിമറ്റം ഓഫീസിൽ നിന്നും 2017-18 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ. ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 28.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുമുള്ള തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കടമുറികളുടെ വാടക ഈടാക്കാത്തത്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറി നമ്പർ-8 വാടകയ്ക്ക് എടുത്തിരിക്കുന്ന ശ്രീ.വർഗ്ഗീസ് എം.എ, മോളത്ത്, നേര്യമംഗലം എന്ന വ്യക്തി ഒക്ടോബർ 2017 മാസത്തെ വാടക 30.10.2017 ലെ രസീത് നം. 117030-102565 പ്രകാരം 1766/- രൂപയും, കടമുറി നമ്പർ-11 വാടകയ്ക്ക് എടുത്തിരിക്കുന്ന ശ്രീ.കുമാരൻ പി.വി, പുത്തേത്ത്, നേര്യമംഗലം എന്ന വ്യക്തി ഫെബ്രുവരി 2018 മാസത്തെ വാടക 07.02.2018 ലെ രസീത് നം. 117030-105968 പ്രകാരം 1023/- രൂപയും അടവാക്കിയിട്ടുള്ളതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രസീതുകൾ പരിശോധിച്ചത് പ്രകാരം മേൽ തുകകൾ അന്നേ ദിവസത്തെ രസീതുകളിൽ ഉൾപ്പെട്ടതായികാണുന്നില്ല. മേൽ സാഹചര്യത്തിൽ യഥാർത്ഥത്തിൽ വാടക ഇനത്തിൽ ലഭിക്കേണ്ടതായ ടി തുകകൾ വാടക രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിൽ ആകെ കുറവ് വന്ന 2,789/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി അപാകതകൾ

<u>വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു</u>

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന പ്രകാരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30/- രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയായും നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന 100 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. കൂടാതെ പല കെട്ടിടങ്ങൾക്കും ശരിയായ വിസ്തീർണ്ണത്തിനേക്കാൾ കുറവ് വിസ്തീർണ്ണം കണക്കാക്കിയാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1.

| | |
|---|---|
| വാർഡ് | 10 |
| കെട്ടിട നം. | 540 A |
| ഉടമസ്ഥന്റെ പേര് | രഞ്ചു ബിനോജ് |
| അസ്സസ് മെന്റ് വർഷം | 2017-18 |
| ഉപയോഗം | വാണിജ്യാവശ്യം 100 m2 – ന് മുകളിൽ |
| വസ്തു നികുതി ഈടാക്കിയത് | 8725/- |

പ്ലാൻ പ്രകാരം ഇതിന്റെ ആകെ വിസ്തീർണ്ണം 156.54 m2 ആണ്. എന്നാൽ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ആകെ 138.47 m2 മാത്രം വിസ്തീർണ്ണം കണക്കാക്കി വാണിജ്യാവശ്യം 100 m2 – ന് മുകളിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരം ഈടാക്കി, കുറവ് വന്ന ഏരിയയ്ക്ക് ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| വാർഡ് | 12 |
| കെട്ടിട നം. | 8 A – 8 E |
| ഉടമസ്ഥന്റെ പേര് | പി. ബി അസ്സീസ് |
| അസ്സസ് മെന്റ് വർഷം | 2017-18 |
| വസ്തു നികുതി ഈടാക്കിയത് | 4046 |

ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. ഇതിന്റെ ആകെ വിസ്തീർണ്ണം 106.86 m2 ആണ്. വാണിജ്യാവശ്യം 100 m2 വരെ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 30/- രൂപ പ്രകാരമാണ് വസ്തു നികുതി ഈടാക്കിയത്. ആയതിനാൽ വാണിജ്യാവശ്യം 100 m2 – ന് മുകളിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.

3.

| | |
|---|---|
| വാർഡ് | 14 |
| ഉടമസ്ഥന്റെ പേര് | ബേബി, പടിക്കാടൻ |
| അസ്സസ് മെന്റ് വർഷം 2017-18 | 458 A – 458 D(92m2) |
| അസ്സസ് മെന്റ് വർഷം 2015-16 | 459(140m2), 459A- 459C(45m2), 462A-462I(162m2), 460(19m2), 460A-460B(32.65m2), 461(10M2), 461A(134m2), 461B(19.30m2), ആകെ 661 m2 |

ഇതിൽ 461A(134m2) കെട്ടിടം ഒഴിച്ച് ബാക്കി എല്ലാ കെട്ടിടത്തിനും വാണിജ്യാവശ്യം 100 m2 വരെ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 30/- രൂപ പ്രകാരമാണ് വസ്തു നികുതി ഈടാക്കിയത്. ആയതിനാൽ വാണിജ്യാവശ്യം 100 m2 – ന് മുകളിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.

4.

| | |
|---|---|
| വാർഡ് | 16 |
| കെട്ടിട നം. | 344A |
| ഉടമസ്ഥന്റെ പേര് | ജോജി ജോസഫ് |
| അസ്സസ് മെന്റ് വർഷം | 2017-18 |

ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. പ്ലാനിൽ ഇത് സ്റ്റോർ റൂം ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇത് വ്യവസായത്തിന് ആവശ്യമായ കൈത്തറി ഷെഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 10/-രൂപ പ്രകാരമാണ് ഈടാക്കിയിട്ടുള്ളത്. കെട്ടിടത്തെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.

| | |
|---|---|
| വാർഡ് | 18 |
| കെട്ടിട നം. | 99A |
| ഉടമസ്ഥന്റെ പേര് | അനിൽ |
| അസ്സസ് മെന്റ് വർഷം | 2017-18 |
| ഉപയോഗം | വാണിജ്യാവശ്യം 100 m2 വരെ |

ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ 14-7-2014 ൽ സമർപ്പിച്ചതാണ്. അത് പ്രകാരം 30-7-14 ൽ റെഗുലറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ 14-7-2014 ൽ സമർപ്പിച്ചിട്ടും ഈ കെട്ടിടം അസ്സസ്സ് ചെയ്തത് 2017-18 ൽ മാത്രമാണ്. ആയതിനാൽ ഈ കെട്ടിടത്തിന്റെ വസ്തു നികുതി 2014-15 വർഷം മുതൽ ഈടാക്കേണ്ടതാണ്.

6.

| | |
|---|---|
| വാർഡ് | 18 |
| കെട്ടിട നം. | 561A - 561B |
| ഉടമസ്ഥന്റെ പേര് | സഫർലാൽ |
| അസ്സസ് മെന്റ് വർഷം | 2017-18 |
| ഉപയോഗം | വാണിജ്യാവശ്യം 100 m2 മുകളിൽ |

ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ചട്ടം ലംഘിച്ചാണ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. വടക്ക് വശം ഹൈവേയിൽനിന്ന് 5 മീറ്റർ അകലം വേണമെങ്കിലും 2.9 മീറ്റർ അകലം മാത്രമാണ് ഉള്ളത്.
2. കിഴക്ക് വശത്തിന്റെ ഓഫ് സെറ്റ് 42 സെ.മി മാത്രമാണ്.
3. പടിഞ്ഞാറ് വശത്തെ സംരക്ഷണ ഭിത്തി അയൽക്കാരന്റെ സ്ഥലത്ത് 60 സെ.മി തള്ളി നിൽക്കുന്നു.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് ടിയാൾക്ക് 26-8-17ൽ കത്ത് നൽകിയെങ്കിലും ഇതൊന്നും പരിഹരിക്കാതെയാണ് നമ്പർ ഇട്ട് നൽകിയത്. വ്യക്തമായ മറുപടി നൽകേണ്ടതാണ്.

7.

| | |
|---|---|
| വാർഡ് | 18 |
| കെട്ടിട നം. | 570A |
| ഉടമസ്ഥന്റെ പേര് | വികാരി, മാർ ബസേലിയോസ് എഡ്യൂക്കേഷണൽ |
| അസ്സസ് മെന്റ് വർഷം | 2017-18 |

ഇതുവരെ പഞ്ചായത്തിൽ അസ്സസ്സ് ചെയ്ത കെട്ടിടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| അസ്സസ് മെന്റ് വർഷം | കെട്ടിട നം. | കെട്ടിടം | ഏരിയ(M2) | കെട്ടിട നികുതി |
|---|---|---|---|---|
| 2013 | 566 | വിദ്യാഭ്യാസം | 178 | 618 |
| 2013 | 567 | വിദ്യാഭ്യാസം | 5204.7 | 19,672 |
| 2013 | 568 | വാണിജ്യം | 380.17 | 21,955 |
| 2013 | 569 | വിദ്യാഭ്യാസം | 418.66 | 1,452 |
| | | | | |

| | | | | |
|---|---|---|---|---|
| 2013 | 570 | വിദ്യാഭ്യാസം | 418.66 | 1452 |
| 2017-18 | 570A | വിദ്യാഭ്യാസം | 2,375 | 10,104 |
| ആകെ | | | 8975.19 | |

പ്ലാൻ പ്രകാരമുള്ള ഈ കെട്ടിടത്തിന്റെ ഏരിയ താഴെ കൊടുക്കുന്നു.

| കെട്ടിടം | ഏരിയ |
|---|---|
| വർക്ക് ഷോപ്പ് I. (Existing) | 418.86 |
| വർക്ക് ഷോപ്പ് II. (Existing) | 418.86 |
| ഡൈനിംഗ് ഹാൾ | 380.17 |
| വർക്ക് ഷോപ്പ് (Existing) | 5203.92 |
| ഹോസ്റ്റൽ (കംപ്ലീറ്റഡ്) | 2,375 |
| കോളേജ് (under construction) | 17,575 |
| ഹോസ്റ്റൽ(under construction) | 3014.90 |
| ആകെ | 32,386.71 |

പ്ലാൻ പ്രകാരം ആകെ കെട്ടിടത്തിന്റെ ഏരിയ 32,386.71 m2 ആണ്. ഇതിൽ 8,796.81 m2 കെട്ടിടം പണി പൂർത്തിയായ കെട്ടിടമാണ് എന്നും 20,589.90m2 പണിതുകൊണ്ടിരിക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

പ്ലാൻ പ്രകാരം ആകെ 8,796.81m2 കെട്ടിടം പണി പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുവരെ പഞ്ചായത്തിൽ അസ്സസ്സ് ചെയ്ത കെട്ടിടത്തിന്റെ ഏരിയ 8975.19 ആണ്. മാത്രമല്ല പണിതുകൊണ്ടിരിക്കുന്ന 20,589.90m2 കെട്ടിടം പണിയുന്നതിന് പഞ്ചായത്തിന്റെ അനുമതി വാങ്ങിയിട്ടില്ല. സമർപ്പിച്ച പ്ലാൻ പ്രകാരം ഇതുവരെ പൂർത്തിയായത് വർക്ക് ഷോപ്പ്, ഡൈനിംഗ് ഹാൾ, ഹോസ്റ്റൽ എന്നിവ മാത്രമാണ്. കോളേജ് കെട്ടിടങ്ങൾ എല്ലാം "under construction" എന്നാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച കോളേജിന്റെ ഒരു കോളേജ് കെട്ടിടവും ഇതുവരെ അസ്സസ്സ് ചെയ്ത് വസ്തു നികുതി ഈടാക്കിയിട്ടില്ല.

തനത് വർഷം അസ്സസ്സ് ചെയ്ത കെട്ടിടം ഹോസ്റ്റൽ ആണ് ഇതിന് ഹോസ്റ്റൽ വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 4/- രൂപ പ്രകാരമാണ് വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ വിദ്യാഭ്യാസം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 3/- രൂപ പ്രകാരമാണ് വസ്തു നികുതി ഈടാക്കിയത്.

വസ്തു നികുതി ഒഴിവാക്കി ലഭിക്കുന്നതിന് കേരള ഹൈക്കോടതിയിൽ WP(c)No. 12024 of 2015 dtd 9-4-15 ൽ കോളേജ് കേസ് ഫയൽ ചെയ്തിട്ടുണ്ട്. കോടതി വിധി പ്രകാരം ആകെ വസ്തുനികുതിയുടെ 25% മാത്രമാണ് വസ്തുനികുതിയായി ലഭിക്കുന്നത്. മുറിയുടെ ലഭിക്കാനുള്ള വസ്തു നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം. | കെട്ടിടം | ഏരിയ(M2) | കെട്ടിട നികുതി കുടിശിക |
|---|---|---|---|
| 566 | വിദ്യാഭ്യാസം | 178 | 2.933 |
| 567 | വിദ്യാഭ്യാസം | 5204.7 | 93,457 |
| 568 | വാണിജ്യം | 380.17 | 1,04,288 |
| 569 | വിദ്യാഭ്യാസം | 418.66 | 6,892 |
| 570 | വിദ്യാഭ്യാസം | 418.66 | 6,892 |
| 570A | വിദ്യാഭ്യാസം | 2,375 | 10,104 |

2014-15 വർഷം മുതൽ കേസ് നിലവിലുണ്ടായിട്ടും കേസ് തീർപ്പാക്കുന്നതിനു വേണ്ടിയോ കെട്ടിടം ശരിയായ രീതിയിൽ അസ്സസ്സ് ചെയ്യുന്നതിനോ കുടിശിക ഈടാക്കുന്നതിനോ ഉള്ള ഒരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

8.

| | |
|---|---|
| വാർഡ് | 7 |
| കെട്ടിട നം. | 347Aമുതൽ 347E വരെ |
| ഉടമസ്ഥന്റെ പേര് | സുഗതൻ |
| അസ്സസ് മെന്റ് വർഷം | 2017-18 |
| വസ്തു നികുതി ഈടാക്കിയത് | 4,145/- |

പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ വിസ്തീർണ്ണം 109.45m2 ആണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടം വാണിജ്യാവശ്യം 100 m2 വരെ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 30/- രൂപ പ്രകാരമാണ് വസ്തു നികുതി ഈടാക്കിയത്. ആയതിനാൽ വാണിജ്യാവശ്യം 100 m2 – ന് മുകളിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.

9.

| | |
|---|---|
| വാർഡ് | 8 |
| കെട്ടിട നം. | 718Aമുതൽ 718E വരെ |
| ഉടമസ്ഥന്റെ പേര് | ബീവി |
| അസ്സസ് മെന്റ് വർഷം | 2017-18 |
| വസ്തു നികുതി ഈടാക്കിയത് | 6739 |

പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ വിസ്തീർണ്ണം 147.8m2 ആണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി കണക്കാക്കിയത് 139.56ചതുരശ്രമീറ്ററിന് മാത്രമാണ്. ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. കുറവ് വന്ന ഏരിയയ്ക്ക് ഒരു ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.

10.

| | |
|---|---|
| വാർഡ് | 15 |
| കെട്ടിട നം. | 622Aമുതൽ 622W വരെ |
| ഉടമസ്ഥന്റെ പേര് | ജോൺ തോമസ് |
| അസ്സസ് മെന്റ് വർഷം | 2017-18 |

622Aമുതൽ 622W വരെയുള്ള ഈ കെട്ടിടത്തിന്റെ ആകെ ഏരിയ 411.34 എം2 ആണ്. ഇതിൽ 622A മുതൽ 622L വരേയും 622S മുതൽ 622W വരേയും ഉള്ള കെട്ടിടങ്ങൾ 2014-15 വർഷം അസ്സസ് ചെയ്തിട്ടുണ്ട്. എന്നാൽ 622K മുതൽ 622R വരെയുള്ള കെട്ടിടങ്ങൾ 2014-15 വർഷം അസ്സസ് ചെയ്യാൻ വിട്ട് പോയിരുന്നു. അതുകൊണ്ട് 622K മുതൽ 622R വരെയുള്ള കെട്ടിടങ്ങൾ 2017-18 വർഷമാണ് അസ്സസ് ചെയ്തത്. 2017-18 വർഷം അസ്സസ് ചെയ്ത കെട്ടിടത്തിന്റെ ആകെ ഏരിയ 167.4 എം2 ആണ്. ഇതിൽ 622L കെട്ടിടം (25എം2) പാർപ്പിടാവിശ്യമായാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്.

**<u>ഓഡിറ്റ് പരാമർശങ്ങൾ</u>**

1. ഒരു ചതുരശ്രമീറ്ററിന് 30/- രൂപ പ്രകാരമാണ് വസ്തു നികുതി ഈടാക്കിയത്. ആയതിനാൽ വാണിജ്യാവശ്യം 100 m2 – ന് മുകളിൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 50/- രൂപ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.
2. പ്ലാൻ പ്രകാരം എല്ലാം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. ആയതിനാൽ 622L കെട്ടിടം (25എം2) പാർപ്പിടാവിശ്യമായി അസ്സസ്സ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.
3. ഇതുവരെ ഒരു കംപ്ലീഷൻ പ്ലാൻ ലഭിച്ചിട്ടില്ല.
4. നൽകിയിട്ടുള്ള പ്ലാനിൽ ആകെ 31 മുറികൾ ഉണ്ട്. ആകെ ഏരിയ 499.49 എം2 ആണ്. ഇതിൽ 234.26 എം2 താഴത്തെ നിലയും 256.23 എം2 ഒന്നാം നിലയുമാണ്. എന്നാൽ അസ്സസ്സ് മെന്റ് രജിസ്റ്റർ പ്രകാരം

എല്ലാം താഴത്തെ നിലയാണ്.

5. 2014-15വർഷം അസസ്സ് ചെയ്യാൻ വിട്ടു പോയതും 2017-18 വർഷം അസസ്സ് ചെയ്തതുമായ 622K മുതൽ 622R വരെയുള്ള കെട്ടിടങ്ങളുടെ നികുതി 2014-15 വർഷം മുതൽ കണക്കാക്കി ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി- അപാകതകൾ

2017-18 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി, എസ്. സി വിഭാഗങ്ങൾക്ക് ആട് വിതരണം- പ്രോജക്റ്റ് നം. 148/18, കിടാരി വിതരണം(ജനറൽ വനിത)-പ്രോജക്റ്റ് നം. 150/18, ആട് വിതരണം(ജനറൽ വനിത)പ്രോജക്റ്റ് നം. 153/18, പോത്തുകുട്ടി വിതരണം -പ്രോജക്റ്റ് നം. 212/18, എന്നീ പ്രോജക്റ്റുകൾ നടപ്പിലാക്കുകയുണ്ടായി. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതി പ്രകാരം ലഭിക്കുന്ന മൃഗങ്ങളെ മൂന്നു വർഷത്തിനുള്ളിൽ കൈമാറ്റം ചെയ്യുകയില്ല എന്ന നിബന്ധനകളടക്കം ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളതാണ്. ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം ഗുണഭോക്താക്കളും കരാറിൽ എർപ്പെട്ടിട്ടില്ല എന്നും ചുരുക്കം ചില ഫയലുകളിൽ കാലിയായ മുദ്രപത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നതായും ബോധ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറി നം. 2 -നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. പദ്ധതി മാർഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നിരീക്ഷണവും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

### 3-2 മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ്-മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്ത പ്രോജക്റ്റുകളിൽ ലഭിക്കേണ്ടിയിരുന്ന എല്ലാ മരുന്നുകളും ലഭ്യമായതായി കാണുന്നില്ല.

1. പ്രോജക്റ്റ് നം.11/18- പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്റ്റിന്റെ ചെലവിലേയ്ക്കായി ബിൽ നം.03/2017-18 പ്രകാരം 50000/-രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. മരുന്ന ലഭ്യമായതിന്റെ അസ്സൽ ബിൽ, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

2. പ്രോജക്റ്റ് നം 20/18—പാലിയേറ്റീവ് കെയർ എന്ന പ്രോജക്റ്റിന്റെ ചെലവിലേയ്ക്കായി ബിൽ നം.06/ 2017-18പ്രകാരം 91604/-രൂപയും ബിൽ നം.17/ 2017-18പ്രകാരം 64786/- രൂപയും കൂടി ആകെ 156390/-രൂപ കേരള മെഡിക്കൽ സർവീസ് കോർപറേഷൻ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഇതിൽ വിവിധ ബില്ലുകൾ പ്രകാരം ആകെ 92336/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം 5-ന് മറുപടി നൽകിയിട്ടില്ല. മരുന്നുകൾ താമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

1. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള നിർമാണ പ്രവൃത്തിയ്ക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകം ടെണ്ടർ വിളിച്ചിട്ടുണ്ടെങ്കിലും സമർപ്പിച്ചിരിക്കുന്ന ടെണ്ടർ ഫോമുകളിൽ മെറ്റീരിയലിന്റെ വില ക്വോട്ട് ചെയ്തതായി കാണുന്നില്ല. കൂടാതെ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ഏർപ്പെട്ടിട്ടുള്ള കരാർ കൃത്യമായി തയ്യാറാക്കുകയോ, കരാറിൽ ഓരോ മെറ്റീരിയലും സപ്ലൈ ചെയ്യുന്ന നിരക്ക് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതുമാണ്. മെറ്റീരിയൽ പല ഗുണനിലവാരത്തിലും ബ്രാൻഡിലും ലഭ്യമാണ്. ടെണ്ടറിൽ ഇക്കാര്യം കാണിച്ചിട്ടില്ല. ആയതിനാൽ കരാർ മൽസരബുദ്ധിയോടു കൂടിയുള്ളതാണോ എന്ന് ഉറപ്പിയ്ക്കാനാവുന്നില്ല. ഓരോ പ്രവൃത്തിയ്ക്കും മെറ്റീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരൻ ബിൽ നല്കിയതായി കാണുന്നില്ല. എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള മെറ്റീരിയൽ ഉപയാഗത്തിനുള്ള തുക കരാറുകാരന് നൽകുന്നു. ബിൽ സമർപ്പിയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം കരാറുകാരന് തുക നൽകേണ്ടതും മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് മൽസരബുദ്ധിയോടുകൂടിയുള്ള ടെൻഡറിങ്ങ് നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2. പ്രവൃത്തി നം-OP/254770- സോളിഡ് ബ്രിക്സ് നിർമ്മാണം- എന്ന പ്രവൃത്തിയ്ക്ക് നിർമ്മാണം നടത്തിയ സോളിഡ് ബ്രിക്സിന്റെ എണ്ണം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുകയോ, സോളിഡ് ബ്രിക്സ് വിതരണം നടത്തിയതിനുള്ള രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. 2400 സോളിഡ് ബ്രിക്സ് നിർമ്മാണം നടത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയ്ക്കായി 162900/-രൂപയാണ് ചെലവായിട്ടുള്ളത്. ഇതു പ്രകാരം ഒരു സോളിഡ് ബ്രിക്കിന് 67.875/- രൂപ ചെലവു വരുന്നതായി കാണുന്നു. മാർക്കറ്റിൽ ഏകദേശം 25 മുതൽ ലഭ്യമാകുന്ന സോളിഡ് ബ്രിക്സ് 67.875/- രൂപ നിരക്കിൽ നിർമ്മിച്ചു നല്കുന്ന പ്രവർത്തിയുടെ പ്രായോഗികത പരിശോധിയ്ക്കേണ്ടതാണ്. നിർമ്മാണം നടത്തിയ സോളിഡ് ബ്രിക്സിനുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സോളിഡ് ബ്രിക്സ് വിതരണം നടത്തിയ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറി 7-ന് അപാകതകൾ പരിഹരിയ്ക്കുന്നതാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

## 3-4 കുടിശ്ശിക വാട്ടർ ബിൽ - പിഴ പലിശ നൽകി

വൌച്ചർ നം. 21700724 തീ 30-12-2017 പ്രകാരം വിവിധ അങ്കണവാടികളുടെ (22എണ്ണം) 2012 വർഷം മുതലുള്ള കുടിശ്ശിക വാട്ടർ ചാർജ് ഇനത്തിൽ പിഴ പലിശ ഉൾപെടെ 378510/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് നല്കിയതായി കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 12.12.2017-ലെ 8/1-ാം നമ്പർ തീരുമാന പ്രകാരം കുടിശ്ശിക വാട്ടർ ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള പിഴ പലിശ ഒഴിവാക്കിയതിനു ശേഷമുള്ള തുക അടവാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ പിഴ പലിശ പ്രത്യേകമായി രേഖപ്പെടുത്താതെ 2012 വർഷം മുതലുള്ള പിഴ പലിശ ഉൾപ്പെടെയുള്ള ആകെ കുടിശ്ശിക 378510/- രൂപയാണ് കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ളത്. പിഴ പലിശ ഒഴിവാക്കാതെ തുക അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം-12-ന് മറുപടി ലഭിച്ചിട്ടില്ല. പിഴ പലിശ ഇനത്തിൽ അടവാക്കിയ തുക കണക്കാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ വാട്ടർ ബില്ലുകളിൽ പിഴ പലിശ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത

| | |
|---|---|
| പ്രവൃത്തി | തലക്കോട് യു.പി സ്കൂൾ മെയിന്റനൻസ് |
| പ്രൊജക്ട് | So 50/18 |
| കരാറുകാരൻ | ശ്രീ. മുസ്തഫ കെ എം |
| എം ബുക്ക് | 106/16-17 |
| നല്കിയ തുക | 8,75,673/-(bill No. 20/22-1-18) |
| അടങ്കൽ | 10,00,000/- |

സ്കൂൾ കെട്ടിടം നിലവിൽ ടൈൽ ഉപയോഗിച്ചുള്ള റൂഫിംഗ് ചെയ്തിട്ടുള്ളതാണ്. ഇതിൽ കേടായ ഫ്രെയിം മാറ്റി ഫ്രെയിം പെയിന്റിംഗ് ചെയ്ത് വീണ്ടും അതേ ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്യുകയാണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഇനം നിലവിലുള്ള ഡിപ്പാർട്ട്മെന്റൽ ടൈൽ ഉപയോഗിച്ച് റൂഫിംങ് ചെയ്യുകയാണ്. എസ്റ്റിമേറ്റ് പ്രകാരം ഡിപ്പാർട്ട്മെന്റൽ ടൈൽ ഉപയോഗിച്ച് റൂഫിംങ് ചെയ്യുന്നതിന് ഒരു ചതുരശ്ര മീറ്ററിന് ഡാറ്റ ഐറ്റം 12.48 പ്രകാരം 112.13 രൂപയാണ് നിരക്ക് തയ്യാറാക്കിയത്. എന്നാൽ ഈ പ്രവൃത്തിക്ക് ലഭിച്ച ടെണ്ടർ പ്രകാരം കരാറുകാരൻ ശ്രീ. മുസ്തഫ ക്വാട്ട് ചെയ്ത നിരക്ക് ഒരു ചതുരശ്ര മീറ്ററിന്

538/- രൂപയാണ്. ഇപ്രകാരം ഡിപ്പാർട്ട്മെന്റൽ ടൈൽ ഉപയോഗിച്ച് റൂഫിംങ് ചെയ്തതിന് 314.982 എം2*538/എം2=169744/- രൂപ നല്കിയിട്ടുണ്ട്.

രണ്ടാമത്തെ ടെണ്ടർ ലഭിച്ച ശ്രീ. വി. എം ബോസ് ടൈൽ ഉപയോഗിച്ച് (ഡിപ്പാർട്ട്മെന്റൽ) റൂഫിംങ് ചെയ്യുന്നതിന് ക്വാട്ട് ചെയ്ത നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 75/- രൂപ മാത്രമാണ്. മറ്റ് ഇനങ്ങൾക്ക് നിരക്ക് കൂടുതലായതിനാൽ ടെണ്ടർ ഉറപ്പിച്ച് നല്കിയില്ല. എന്നാൽ എം ബുക്ക് പ്രകാരം ചെയ്ത ഇനങ്ങൾ പരിശോധിച്ചാൽ നിരക്ക് കൂടുതലായ ഇനങ്ങൾ പലതും ഒഴിവാക്കിയിട്ടുണ്ടെന്ന് കാണാം.

2016 ലെ DSR item no. 12.48 പ്രകാരം 'Providing & fixing on roof pressed clay tile (Mangalore tile) of 20 mm nominal thickness and of approved size and as per approved pattern on steel frame work complete (steel frame work to be paid separately)' പുതിയ ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിന് നൽകാവുന്ന നിരക്ക് 347/- രൂപയും ഡിപ്പാർട്ട്മെന്റൽ ടൈൽ ഉപയോഗിച്ച് റൂഫിംങ് ചെയ്യുന്നതിന് ഒരു ചതുരശ്ര മീറ്ററിന് 112.13/- രൂപ മാത്രമാണെന്നിരിക്കെ ഡിപ്പാർട്ട്മെന്റൽ ടൈൽ ഉപയോഗിച്ച് റൂഫിംങ് ചെയ്തതിന് ഒരു ചതുരശ്ര മീറ്ററിന് 538/- രൂപ പ്രകാരം 314.982 എം2*538/എം2 =169744/-രൂപ നല്കിയത്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 35319/- രൂപ മാത്രമാണ്. ഡിപ്പാർട്ട്മെന്റൽ ടൈൽ ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിന് ഇത്രയും വലിയ നിരക്ക് ക്വോട്ട് ചെയ്യാനുള്ള കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. മേൽ സാഹചര്യത്തിൽ അംഗീകൃത നിരക്കിനേക്കാളും ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധികം തുക നൽകാനിടയായ സാഹചര്യം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. കരാറുകാരന് കൂടുതലായി നൽകിയ 134425/- രൂപ (169744-35319= 134425) തടസ്സപ്പെടുത്തുന്നു.

## 3-6 എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല

| | |
|---|---|
| പ്രവൃത്തി | കൃഷിഭവൻ ഓഫീസ് കെട്ടിടം പുനരുദ്ധാരണം |
| പ്രൊജക്ട് | So 135/18 |
| കരാറുകാരൻ | ശ്രീ. പി. റ്റി പൌലോസ് |
| എം ബുക്ക് | 104/16-17 |
| നല്കിയ തുക | 17,88,282/-(bill no. 25/22-1-18) |

എസ്റ്റിമേറ്റ് ഐറ്റം നം. 26 പ്രകാരം മുറ്റത്ത് Poly carbonate multi wall plain sheet 6mm റൂഫിംഗ് ചെയ്യുന്നതിന് Approved observed data DSR ഐറ്റം നം. 50.12.2.4 പ്രകാരം ഒരു ചതുരശ്ര മീറ്ററിന് 810.36 രൂപയാണ് നിരക്ക് തയ്യാറാക്കിയത്. ഇതിൽ Poly carbonate multi wall plain sheet 6mm (MR 27) വില കണക്കാക്കിയിട്ടുള്ളത് 550/- രൂപയാണ്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 278.075m2 x 810.36/m2 (including cost index) = 2,25,346/- രൂപയാണ്. ടെണ്ടർ പ്രകാരമുള്ള നിരക്ക് ഇത് തന്നെയാണ്.

എന്നാൽ ഈ ഷീറ്റിന് ഗുണം കുറവാണ് എന്ന് രേഖപ്പെടുത്തി ഈ പ്രവൃത്തി ഒഴിവാക്കി എക്സ്ട്രാ ഇനമായി ഡാറ്റാ ഐറ്റം നം.OD309775/2017-18 ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇപ്രകാരം 235 ചതുശ്രമീറ്റർ റൂഫിംഗ് ചെയ്തതിന് 235 എം2 x2000.20/m2 = 4,70,589/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ Poly carbonate multi wall plain sheet 3mm (MR27)- വില 1650/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ഇതിന്റെ വില കണക്കാക്കിയത് 550/- രൂപ മാത്രമാണ്. മാത്രമല്ല ഡാറ്റാ പ്രകാരം Poly carbonate multi wall plain sheet-ന്റെ കനം 6mm എന്നാണ് എങ്കിലും എം ബുക്ക് പ്രകാരവും എസ്റ്റിമേറ്റ് പ്രകാരവും Poly carbonate multi wall plain sheet-ന്റെ കനം 3mm ഷീറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**ഓഡിറ്റ് പരാമർശങ്ങൾ**

1. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റിന് ഗുണം കുറവാണ് എന്ന് കണക്കാക്കിയത് എങ്ങനെ എന്ന് വ്യക്തമല്ല.
2. എംബുക്ക് പ്രകാരവും എസ്റ്റിമേറ്റ് പ്രകാരവും 'Providing & fixing Poly carbonate solid sheet 3 mm thick' അതായത് 3mm ഷീറ്റ് ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തത്. എന്നാൽ ഡാറ്റ പ്രകാരം 'Poly carbonate multi wall plain sheet 6mm - 6mm ഷീറ്റിന്റെ വില കണക്കാക്കിയാണ് നിരക്ക് തയ്യാറാക്കിയത്.
3. ഷീറ്റിന് ഒരു ചതുരശ്ര മീറ്ററിന് 1650/- രൂപ എപ്രകാരം കണക്കാക്കിയെന്നും വ്യക്തമല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-7 പൊളിച്ചെടുത്ത കല്ലിന്റേയും കുഴിച്ചെടുത്ത മണ്ണിന്റേയും വിനിയോഗം ലഭ്യമല്ല

| | |
|---|---|
| പ്രവൃത്തി | ഡിസ്കോപടി മേന്തങ്ങ് റോഡ് മെയിന്റനൻസ് |
| പ്രൊജക്ട് | So 53/18 |
| കൺവീനർ | ശ്രീ.കെ. പി. പോളച്ചൻ |
| എം ബുക്ക് | 53/16-17 |
| നല്കിയ തുക | 4,04,857/-(bill No. 65/23-9-17) |

നിലവിലുള്ള റോഡിന്റെ ഉയരം കൂടുതലായതിനാൽ റോഡിൽ വിരിച്ചിരിക്കുന്ന കരിങ്കല്ലും മണ്ണും മാറ്റി റോഡിന്റെ ഉയരം കുറച്ച് റോഡ് കോൺക്രീറ്റിംഗ് ചെയ്യുകയാണ് പ്രവൃത്തി.

എം ബുക്ക് പ്രകാരം 37.2എം3 കരിങ്കല്ല് പൊളിച്ചെടുത്തതിന് 17,278/-രൂപയും 100എം3 മണ്ണ് കുഴിച്ചെടുത്തതിന് 48,118/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗം സംബന്ധിച്ച ഒരു വസ്തുതയും ഫയലിൽ ലഭ്യമല്ല.

കല്ലിന്റേയും മണ്ണിന്റേയും വിനിയോഗം സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് മൂലം നഷ്ടം സംഭവിച്ചത്

| | |
|---|---|
| പ്രവൃത്തി | കൃഷിഭവൻ ഓഫീസ് കെട്ടിടം പുനരുദ്ധാരണം |
| പ്രൊജക്ട് | So 218/18 |
| കൺവീനർ | ശ്രീമതി. ഗീത ഇ. കെ. |
| എം ബുക്ക് | 75/16-17 |
| നല്കിയ തുക | 1,80,570/-(bill No. 33/1-7-17) |

2014-15 – പ്രോജക്ടാണ് ഇത്. ഈ പ്രവൃത്തിക്ക് 3-3-2015ൽ എഗ്രിമെന്റ് വെച്ചതാണ്. 2012 -ലെ SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഏതാണ്ട് മൂന്ന് വർഷം കഴിഞ്ഞ് 2017-18 ലാണ് പ്രവൃത്തി ചെയ്തത്.

ഒറിജിനൽ എസ്റ്റിമേറ്റിലെ നിരക്ക് കുറഞ്ഞ ഭൂരിപക്ഷം പ്രവൃത്തിയും ഒഴിവാക്കുകയും എസ്റ്റിമേറ്റിലെ നിരക്ക് കൂടിയ പ്രവൃത്തികൾ അധികമായും ചെയ്തിരിക്കുന്നു. കൂടാതെ എക്സ്ട്രാ പ്രവൃത്തിയായും പണികൾ ചെയ്തിട്ടുണ്ട്. ഇപ്രകാരം കൺവീനർക്ക് ലാഭം കിട്ടുന്നതിന് മാത്രമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. മാത്രമല്ല എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. എഗ്രിമെന്റ് വെച്ച് ഏതാണ്ട് മൂന്ന് വർഷം കഴിഞ്ഞാണ് പ്രവൃത്തി ചെയ്തത്. ഇത്രയും കാലതാമസം സംഭവിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ഈ പ്രവൃത്തി ചെയ്യാൻ കൺവീനറോട് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

ഒറിജിനൽ എസ്റ്റിമേറ്റിലെ ചില പ്രവൃത്തികളും അതിലെ മാറ്റങ്ങളും താഴെ കൊടുക്കുന്നു.

1. ഒറിജിനൽ എസ്റ്റിമേറ്റിലെ അങ്കണവാടിക്ക് ചുറ്റുമതിൽ എന്ന പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കിയിട്ടുണ്ട്. കാരണം വ്യക്തമല്ല.
2. ഒറിജിനൽ എസ്റ്റിമേറ്റിലെ അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നത് ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റിൽ GI ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തിരിക്കുന്നു. കാരണം വ്യക്തമല്ല.
3. ഒറിജിനൽ എസ്റ്റിമേറ്റിൽ സിറാമിക് ടൈൽ ഉപയോഗിച്ച് ഫ്ലോറിംഗ് ചെയ്യുന്നതിന് 22.92 m2 x 726/m2 = 16,640/- രൂപയും ഭിത്തിയിൽ ടൈൽ ഒട്ടിക്കുന്നതിന് 6.75m2 x 1220/m2 = 8,235/- രൂപയും വകയിരുത്തിയിരുന്നു.

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സിറാമിക് ടൈൽ ഉപയോഗിച്ച് ഫ്ലോറിംഗ് ചെയ്തതിന് 44.67 m2 x 726/m2 = 32,430/- രൂപയും ഭിത്തിയിൽ ടൈൽ ഒട്ടിച്ചതിന് 43.28m2 x 1220/m2 = 52804/- രൂപയും നൽകിയിട്ടുണ്ട്.

2017-18 വർഷം DSR item No. 11.36 പ്രകാരം ഭിത്തിയിൽ ടൈൽ ഒട്ടിക്കുന്നതിന് നൽകാവുന്ന നിരക്ക് 964/m2 മാത്രമാണ് എന്നിരിക്കേയാണ് 1220/m2 എന്ന നിരക്ക് നൽകിയത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല

## 3-9 മരാമത്ത് പ്രവൃത്തികൾ അപാകത

പഞ്ചായത്ത് തനത് വർഷം 2.87 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ് എന്നിവയാണ്. റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റിംഗ് ചെയ്യേണ്ട ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. സാധാരണ റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രോജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

## 3-10 വാട്ടർ അതോറിറ്റി നിക്ഷേപ പ്രവൃത്തികളിൽ അധിക നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കി

കേരളവാട്ടർ അതോറിട്ടിയിൽ നിക്ഷേപ പ്രവൃത്തികളായി ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികളുടെ വാട്ടർ അതോറിട്ടി തയ്യാറാക്കി നല്കിയ എസ്ററിമേറ്റിൽ സെന്റേജ് ചാർജ്ജ് 12.5% നിരക്കിലാണ് കണക്കാക്കിയിരിക്കുന്നത്. പി.ഡബ്ല്യൂ.ഡി മാന്വൽ 1601.4 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 10 % സെന്റേജ് ചാർജ്ജ് മാത്രമേ നൽകാവൂ. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികളിൽ അധിക നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

| ക്രമനം. | പ്രൊജക്ടിന്റെ പേര് /നമ്പർ | എസ്റ്റിമേറ്റ് തുക (വർക്കിംഗ് &മെറ്റീരിയൽ കോസ്റ്റ്) | എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജ് (12.5%) | ആകെ എസ്റ്റിമേറ്റ് കോസ്ററ് | നല്കാവുന്ന സെന്റേജ് ചാർജ്ജ് (10 %) | അധികമായി നല്കിയ സെന്റേജ് ചാർജ്ജ് |
|---|---|---|---|---|---|---|
| 1 | ആയുർവ്വേദ ആശുപത്രിക്ക് , എസ് .സി കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള കണക്ഷൻ SO 241/18 | 20750 | 2594 | 23344 | 2075 | 519 |
| 2 | വാർഡ് 11,13,14,16 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ SO 237/18 | 780284 | 97536 | 877820 | 78020 | 19516 |
| 3 | വാർഡ് 12-കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ SO 222/18 | 652238 | 81529 | 733767 | 65224 | 16305 |
| 4 | വാർഡ് 6,17 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ SO 147/18 | 616602 | 77075 | 693677 | 61660 | 15415 |
| 5 | തലക്കോട് സബ്സെന്റർ വാട്ടർകണക്ഷൻ SO 147/18 | 16147 | 2018 | 18165 | 1615 | 403 |
| 6 | വനിതാ വിപണനകേന്ദ്രം വാട്ടർകണക്ഷൻ SO 100/18 | 6936 | 867 | 7803 | 694 | 173 |
| 7 | പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ -വാർഡ് 4 വാട്ടർകണക്ഷൻ SO 95/18 | 13020 | 1628 | 14648 | 1302 | 326 |
| 8 | കുടുംബശ്രീ ടൈലറിംഗ് യൂണിറ്റ് വാട്ടർ കണക്ഷൻ SO 247/18 | 7832 | 978 | 8810 | 783 | 195 |
| | ആകെ | | 264225 | | 211373 | 52852 |

മേൽപ്പറഞ്ഞ പ്രകാരം വിവിധ ഡെപ്പോസിററ് പ്രവൃത്തികൾക്കായി സെന്റേജ് ചാർജിനത്തിൽ 52852/- (264225-211373=52852) അധികം നൽകിയതിന് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. സർക്കാർ ഉത്തരവുകൾക്കനുസൃതമായി മാത്രം ഡെപ്പോസിററ് പ്രവൃത്തികളുടെ സെന്റേജ് ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ സെന്റേജ് ചാർജ് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ജൈവഭരണി കമ്പോസ്റ്റ് ,പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

I.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ജൈവ ഭരണി കമ്പോസ്റ്റ് |
| പ്രൊ.നമ്പർ | എസ് 191/18 |
| അടങ്കൽ തുക | 10,80,350/-<br>(Dev.Fund-GEN.)- 5,40,000/- + Own Fund-175/- +Beneficiary Contribution- 5,40,175/-) |
| നിർവ്വഹണ ഏജൻസിയുടെ പേര് | Socio Economic Unit Foundation, Aluva |

കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ജൈവഭരണി കമ്പോസ്റ്റ് നൽകൽ എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി 12.02.2018 -ലെ 2(8) -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആലുവയിലുള്ള സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന അക്രിറ്റഡ് ഏജൻസിയുമായി 24.03.2018-ൽ പഞ്ചായത്ത് കരാറിലേർപ്പെട്ടു. ഒരു യൂണിറ്റിന് 1550/- രൂപ വിലവരുന്ന 696 യൂണിറ്റ് ജൈവഭരണികൾ (Bio Digester Pot) സ്ഥാപിച്ച് കൊടുക്കാനാണ് നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറും, സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷൻ അസിസ്റ്റന്റ് ഡയറക്ടറും തമ്മിൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥ. 1550/- രൂപ യൂണിറ്റ് കോസ്റ്റിൽ 775/- രൂപ പഞ്ചായത്ത് വിഹിതവും, 775/- രൂപ ഗുണഭോക്തൃവിഹിതവും ആണ്. ഈ പദ്ധതിയിൽ അപേക്ഷ ലഭിച്ച 8 ഗുണഭോക്താക്കളുടെ ലിസ്റ്റ് സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഈ ഗുണഭോക്താക്കളുടെ വീടുകളിൽ Bio-Potകൾ സ്ഥാപിക്കുകയും ആയതിന്റെ തുക സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷന് നല്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്ററുടെ 27.12.2017ലെ 500/SBM(G)/ 2017-18/TS-57 നമ്പർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ ജൈവഭരണികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് നടപ്പിലാക്കുന്നതിന് അനുമതി നല്കിയത്. മേൽ ഉത്തരവിലാണ് ഒരു യൂണിറ്റിന്റെ കോസ്റ്റ് 1550/- രൂപയായി നിശ്ചയിച്ചതും, അതിന്റെ 50% ഗുണഭോക്തൃവിഹിതമായിരിക്കണമെന്ന് നിർദ്ദേശിച്ചതും. ആകെ പ്രൊജക്ട് കോസ്റ്റിന്റെ 20% തുക നിർവ്വഹണഏജൻസിക്ക് അഡ്വാൻസ് നല്കാമെന്നും, ബാക്കി തുക എല്ലാ യൂണിറ്റുകളും സ്ഥാപിച്ചതിന് ശേഷം നല്കാമെന്നും ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു.

ഇതിൻ പ്രകാരം അപേക്ഷ നല്കിയ 8 ഗുണഭോക്താക്കളിൽ നിന്ന് 775/- രൂപ വീതം ഗുണഭോക്തൃവിഹിതം പഞ്ചായത്ത് രസീതുകൾ മുഖേന പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയും, ഈ തുക പദ്ധതി പൂർത്തീകരിച്ചു എന്ന് ഏജൻസിയും, ഗുണഭോക്താക്കളും അറിയിച്ചതിൻ പ്രകാരം 6,200/- രൂപ ഏജൻസിക്ക് കൊടുക്കുകയും ചെയ്തു. (ചെക്ക് നം. 2882558/ 28.03.2018)

II.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് |
| പ്രൊ.നമ്പർ | എസ് 36/18 |
| അടങ്കൽ തുക | 18,76,500/- |

| | |
|---|---|
| | (Dev.Fund-GEN.)- 10,40,800/- + Beneficiary Contribution- 8,34,000/- + Ownfund-1700/-) |
| നിർവ്വഹണ ഏജൻസിയുടെ പേര് | Socio Economic Unit Foundation, Aluva |

എറണാകുളം ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്ററുടെ 10.03.2017ലെ 500/SBM(G)/ 2016-17/TS-46 നമ്പർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷം ആവിഷ്കരിച്ച് 2017-18 -ൽ നടപ്പാക്കിയ "പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് " എന്ന പ്രൊജക്ടിൽ 139 ഗുണഭോക്താക്കൾക്കായി 18,76,500/- രൂപ അടങ്കലിൽ സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷനെ നിർവ്വഹണം ഏൽപ്പിച്ച് നടപ്പാക്കിയ പദ്ധതിയിലും ലക്ഷ്യമിട്ട 139 ഗുണഭോക്താക്കളിൽ 15 പേർ മാത്രമേ ഗുണഭോക്തൃവിഹിതം അടച്ച് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളൂ. ആകെ ചെലവായത് 2,02500/ രൂപ (11 % മാത്രം).

മേൽ രണ്ട് പ്രോജക്ടുകളുടെയും ആസൂത്രണത്തിലും, നിർവ്വഹണത്തിലുമുള്ള അപാകതകൾ താഴെപ്പറയുന്നു.

ജൈവഭരണി കമ്പോസ്റ്റ് എന്ന പ്രൊജക്ടിൽ ആകെ ചെലവ് തുകയായ 12,400/- രൂപയിൽ ഗുണഭോക്തൃ വിഹിതം 6,200/- രൂപ മാത്രം ഏജൻസിക്ക് കൊടുത്തതിന്റെയും, ഏജൻസി 6,200/- കൈപ്പറ്റിയതിന്റെയും രേഖകൾ മാത്രമേ ഫയലിൽ കാണുന്നുള്ളൂ. പഞ്ചായത്ത് വിഹിതം നല്കിയതിന്റെ രേഖകൾ ഇല്ല.

2. മേൽ പ്രോജക്ട് 696 പേർക്ക് ജൈവഭരണികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് ആയാണ് ജില്ലാ ശുചിത്വ മിഷനിൽ നിന്നും, ജില്ലാ ആസൂത്രണസമിതിയിൽ നിന്നും പ്രൊജക്ടിന് അനുമതി ലഭിച്ചത്. എന്നാൽ 2017-18 വർഷം കേവലം 8 ഗുണഭോക്താക്കൾക്ക് മാത്രമാണ് ജൈവഭരണികൾ സ്ഥാപിച്ച് നല്കിയത്. 10,80,350/- രൂപ അടങ്കൽ വെച്ചതിൽ 12,400/- രൂപ മാത്രമേ ചെലവ് വന്നുള്ളൂ. (1.15% മാത്രം.)

3. 2016-17 സാമ്പത്തികവർഷം അവസാനം അംഗീകാരം കിട്ടി നിർവ്വഹണം നടത്തിയ "പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്" എന്ന പ്രോജക്ടിലും ലക്ഷ്യമിട്ട 139 ഗുണഭോക്താക്കളിൽ 15 പേർ മാത്രമേ ഗുണഭോക്തൃവിഹിതം അടച്ച് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളൂ. ആകെ ചെലവായത് 2,02500/ രൂപ (11 % മാത്രം).

ഈ രണ്ട് പ്രോജക്ടുകളും ലക്ഷ്യമിട്ടതിനേക്കാളും വളരെ കുറവ് ഗുണഫലം മാത്രം നേടിയത് എന്തുകൊണ്ടെന്ന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ വിലയിരുത്തിയതായി കാണുന്നില്ല. കൂടാതെ 2016-17 വർഷം "പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്" എന്ന പ്രോജക്ടിൽ ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിക്കാതിരുന്നിട്ടുപോലും, തൊട്ടടുത്ത വർഷം അതേ സ്വഭാവമുള്ള ജൈവഭരണികൾ നല്കൽ എന്ന പ്രോജക്ട് ആവിഷ്കരിക്കുകയും, ആ പ്രോജക്ടും 5% പോലും ഗുണഭോക്താക്കളെ ലഭിക്കാതെ പരാജയപ്പെട്ടതും ഗുണഭോക്താക്കളുടെ ആവശ്യം തിരിച്ചറിഞ്ഞ് പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ വീഴ്ച ചൂണ്ടിക്കാണിക്കുന്നു.

4. ഈ രണ്ട് പ്രൊജക്ടുകളുടെയും നിർവ്വഹണ ഏജൻസി ആലുവയിലുള്ള സോഷ്യോ ഇക്കോണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ്. " ജൈവഭരണി വിതരണം " ചെയ്തതിന് ഈ ഏജൻസിക്ക് 12,400/- രൂപയും, "പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് "സ്ഥാപിച്ച് നല്കിയ പ്രോജക്ടിന് 2,02500/ രൂപയും നല്കിയിട്ടുണ്ട്. എന്നാൽ ഈ രണ്ട് പ്രോജക്ടുകളുടെയും ചെലവ് തുകയ്ക്ക് GST രജിസ്ട്രേഷനുള്ള ബില്ലുകൾ ഏജൻസി പഞ്ചായത്തിന് നല്കിയിട്ടില്ല. തുക കൈപ്പറ്റിയതായുള്ള രസീതിൽ സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ നമ്പർ കാണിച്ചിട്ടുമില്ല. GST അടക്കമുള്ള യൂണിറ്റ് കോസ്റ്റാണ് സ്ഥാപനം ഈടാക്കിയത് എന്നതിനാൽ, ടി തുക GST അക്കൗണ്ടിലേക്ക് അടയ്ക്കാനുള്ള രജിസ്ട്രേഷൻ നമ്പർ ഇല്ലാത്ത ഈ ഏജൻസി പഞ്ചായത്തിന്റെ ഫണ്ട് അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്നു എന്ന് വ്യക്തമാകുന്നു.

മേൽപ്പറഞ്ഞ അപാകതകൾ വരുംവർഷങ്ങളിൽ സംഭവിക്കാതെയിരിക്കുന്നതിനും, പഞ്ചായത്ത് ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 3-12 മഴക്കാല പൂർവ്വശുചീകരണം -വാർഡ് തല പ്രവർത്തനങ്ങൾ-അപാകതകൾ

കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ മഴക്കാല പൂർവ്വശുചീകരണം -വാർഡ് തല പ്രവർത്തനങ്ങൾ എന്ന പ്രൊജക്ടിൽ (പ്രൊ.നം. 244/18) ആകെ 2,46,215/-രൂപ തനത് ഫണ്ടിൽ നിന്ന് വകയിരുത്തി അംഗീകാരം വാങ്ങിയിരുന്നു. ഇത് പ്രകാരം ഈ വർഷം ആകെ 2,28,165/ - രൂപ ചെലവഴിച്ചതായി അക്കൗണ്ട്സ് പ്രകാരം കാണുന്നു.വിശദാംശങ്ങൾ താഴെപ്പറയുന്നു.

| വാർഡ് നം . | ചെക്ക് നം. / തീയതി | തുക |
|---|---|---|
| 1 | 943202 30/08/17 | 8500 |
| 2 | 164493 7/9/17 | 22400 |
| 3 | 943178 17/8/17 | 11250 |
| 4 | 943195 29/8/17 | 22925 |
| 5 | 943193 29/8/17 | 11250 |
| 6 | 943167 10/8/17 | 21810 |
| 7 | 943182 17/8/17 | 23660 |
| 8 | 943169 10/8/17 | 11500 |
| 9 | 943199 29/8/17 | 18050 |
| 10 | 943181 21/7/17 | 10750 |
| 11 | 943170 10/8/17 | 24440 |
| 12 | 943194 29/8/17 | 17750 |
| 13 | 943179 17/8/17 | 17830 |
| 14 | 943171 10/8/17 | 12850 |
| 15 | 943168 10/8/17 | 11250 |
| | ആകെ | 228165 |

ഓരോ വാർഡിലേക്കും അനുവദിച്ച തുക കൈപ്പറ്റിയിരിക്കുന്നത് അതാത് വാർഡ് മെമ്പർമാരാണ്. ചെലവുകളുടെ ബില്ലുകളും, അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ വാർഡിലെയും മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന് വാർഡിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി നേരിട്ട് പഞ്ചായത്ത് ഫണ്ട് കൈപ്പറ്റിയത് ചട്ടവിരുദ്ധമാണ്. വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ച് ആരോഗ്യവകുപ്പ് ജീവനക്കാർ, ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ. ഹെൽപ്പർമാർ എന്നിവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നതാണ് ജനപ്രതിനിധികൾ എന്ന നിലയിൽ വാർഡ് മെമ്പർമാർ ചെയ്യേണ്ടിയിരുന്നത്. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും, ബന്ധപ്പെട്ട ചട്ടങ്ങളും പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 202500 | വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 202500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 255000 | നെൽക്കൃഷി വികസനം | 255000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ആകെ | | 907500 | | 907500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാർഡ് 4 പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ വാട്ടർ കണക്ഷൻ | 21700983/ 2.2.18 | 14649 | - | 14649 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 2 വനിതാ വിപണന കേന്ദ്രം വാട്ടർ കണക്ഷൻ | 21701120/ 2.2.18 | 7803 | - | 7803 |
| കേരള വാട്ടർ അതോറിറ്റി | തലക്കോട് സബ് സെന്റർ വാട്ടർ കണക്ഷൻ | 21700982/ 2.2.18 | 18165 | - | 18165 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 6,17 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21700981/ 2.2.18 | 693677 | - | 693677 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 12 ൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21700979/ 2.2.18 | 733768 | - | 733768 |
| കെ.എസ്.ഇ.ബി | വിവധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനു സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21700977/ 2.2.18 | 544875 | - | 544875 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 11,13,14,16 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21700977/ 2.2.18 | 877820 | - | 877820 |
| കേരള വാട്ടർ അതോറിറ്റി | ആയുർവ്വേദ ആശുപത്രി, വാർഡ് 17 ലെ എസ്.സി. കമ്മ്യൂണിറ്റി ഹാൾ [illegible] | 21700916/ 13.2.18 | 23344 | - | 23344 |

| | | | | | |
|---|---|---|---|---|---|
| | എന്നിവിടങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ | | | | |
| കേരള വാട്ടർ അതോറിറ്റി | ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21700988/ 9.2.18 | 29405 | - | 29405 |
| കേരള വാട്ടർ അതോറിറ്റി | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ, മീറ്റർ സ്ഥാപിക്കൽ | 21701202/ 23.3.18 | 1819975 | - | 1819975 |
| കേരള വാട്ടർ അതോറിറ്റി | കുടുംബശ്രീ ടൈലറിംഗ് യൂണിറ്റ് കുടിവെള്ള കണക്ഷൻ | 21700996/ 17.2.18 | 9000 | - | 9000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

**<u>വായ്പ തിരിച്ചടവിന്റെ വിവരം.</u>**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ (ആർ.ടി) 315/2010/ ത.സ്വ.ഭ.വ തീയതി. 28.1.2010 | 17329500 | 2321858 | 1324536 | 0 | 997322 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5708253 |
| തൻവർഷം നിക്ഷേപിച്ച തുക | 485202 |
| ആകെ | 6193455 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6193455 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്, നെല്ലിമറ്റം A/c No. 0101021490 | 4438117 |
| കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്, നെല്ലിമറ്റം A/c No. 0101022179 | 1755338 |

| | |
|---|---|
| ആകെ | 6193455 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കവളങ്ങാട് പഞ്ചായത്തിനെ സംബന്ധിച്ച് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 to 2000-01 | 40 | 2005-06 | II 7(41)(i) | റോഡ് പണിയിൽ ലഭിച്ച മണ്ണ്,പാറ എന്നിവയുടെ വിനിയോഗ വിവരമില്ലാത്തതിനാൽ ചെലവ് നിരാകരിച്ചത് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(7) | വൈദ്യുതി ലൈൻ നീട്ടൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(8) | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 49.1 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ജലസേചന കിണറിന് സബ്സിഡി നൽകി | സമിതി തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,97,64,660 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,65,08,803 |
| വരവിനങ്ങളിലുള്ള നഷ്ടം | 3789 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1000 | - | ശ്രീമതി.ടി.എം.ജലജ |
| | | | |

| | | | |
|---|---|---|---|
| 2-3 | 2789 | - | ശ്രീ.ഷാജിമോൻ കാവ്യ, സെക്രട്ടറി |

.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ |
|---|
| 2-4 |
| 3-4 |

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ടി.എം.ജലജ, അസി.സെക്രട്ടറി | ശ്രീമതി.ടി.എം.ജലജ, അസി.സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | ആര്യ കൊമ്പിൻ വീട്, ശാന്തിഗിരി (പി.ഒ), പോത്തൻകോട്, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി1)948/99, 07/09/1999 |
| 1997-98 മുതൽ 2001-02വരെ (പദ്ധതി വിഹിതം) | എൽ.എഫ്.ഇ.(പി1)943/04, 01/02/2005 |
| 1997-98 | എൽ.എഫ്.ഇ.(പി7)2076/07, 04/11/2009 |
| 1998-99 | എൽ.എഫ്.ഇ.(പി7)2077/07, 04/11/2009 |
| 1999-2000 | എൽ.എഫ്.ഇ.(പി7)2078/07, 04/11/2009 |
| 2000-2001 | എൽ.എഫ്.ഇ.(പി7)2079/07, 04/11/2009 |
| 2001-02 | എൽഎഫ്.ഇ.(പി1)301/04, 04/06/2004 |
| 2002-03 | എൽ.എഫ്.ഇ.(പി7)1448/05, 30/11/2006 |
| 2003-04 | എൽ.എഫ്.ഇ.(പി7)260/07 , 14/02/2007 |
| 2004-05 | എൽ.എഫ്.ഇ.(പി7)465/11, 14/02/2007 |
| 2005-06 | എൽ.എഫ്.ഇ.(പി7) 466/11, 14/02/2007 |
| 2006-07 | എൽ.എഫ്.ഇ.(പി7)467/11, 14/02/2007 |
| 2007-08 | എൽ.എഫ്.ഇ.(പി7)468/11, 14/02/2007 |
| 2008-09 മുതൽ2010-11വരെ | എൽ.എഫ്.ഇ.(പി7)179/13 , 14/02/2013 |
| 2011-12 മുതൽ 2012-13വരെ | എൽ.എഫ്.ഇ.(പി7)1377/2014,10/10/2014 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ-ഇ.കെ.എം (പി7) -972/2016, 22.06.2016/7.7.16 |
| | |

| | |
|---|---|
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) -2241/2016/ 02.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 2027/2017/30.11.17/19.12.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**എറണാകുളം**

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

.1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. റെന്റ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 1105297 /- രൂപയും വാർഷികധനകാര്യപത്രിക പ്രകാരം 1103267 /- രൂപയും ആണ്. ധനകാര്യ പത്രിക ഡിമാന്റിൽ 2030 /- രൂപ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു.
4. ഡി & ഒ ലൈസൻസ് കളക്ഷൻ, ഡി.സി.ബി പ്രകാരം 82900 /- രൂപയും, വാർഷിക ധനകാര്യപത്രിക പ്രകാരം 82500 /- രൂപയും ആണ്. ധനകാര്യ പത്രിക ഡിമാന്റിൽ 400 /- രൂപ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**